# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 392 – 04/02/2020 - ലെ മറുപടിക്ക്**

## സർക്കാരിന്റെ കടമെടുപ്പ് പരിധി

**ചോദ്യം** | **ഉത്തരം**

**ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ**

**ഡോ. ടി. എം. തോമസ് ഐസക്**
**(ധനകാര്യവും കയറും വകുപ്പമന്ത്രി)**

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | എഫ്.ആർ.ബി.എം. നിയമപ്രകാരം 2019-20 ലെ സംസ്ഥാന സർക്കാരിന്റെ കടമെടുപ്പ് പരിധി എത്ര രൂപയാണെന്ന് അറിയിക്കാമോ; | ഫിസ്കൽ റെസ്പോൺസിബിലിറ്റി & ബജറ്റ് മാനേജ്മെന്റ് (FRBM) നിയമപ്രകാരം സംസ്ഥാനത്തിന്റെ കടമെടുപ്പപരിധി GSDP യുടെ 3% ആയി നിജപ്പെടുത്തിയിട്ടുണ്ട്. ഇപ്രകാരം കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള 2019-20 സാമ്പത്തിക വർഷത്തെ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി 24,915 കോടി രൂപയാണ്. |
| (ബി) | ഇതിനകം ഈ സാമ്പത്തിക വർഷം എത്ര രൂപ കടപ്പത്രങ്ങൾ വഴിയും മറ്റും സംസ്ഥാനം വാങ്ങിയിട്ടുണ്ട്; വ്യക്തമാക്കുമോ; | അക്കൗണ്ടന്റ് ജനറലിൽ നിന്നും ലഭ്യമായ പ്രാഥമിക കണക്കുകൾ പ്രകാരം 01.04.2019 മുതൽ 31.12.2019 വരെ 19,888.84 കോടി രൂപയാണ് കടമായി (തനി) എടുത്തിട്ടുള്ളത്. ഇത് ലോക ബാങ്ക്, നബാർഡ് തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും പൊതുവിപണിയിൽ (കടപ്പത്രം) നിന്നും പ്രോവിഡന്റ് ഫണ്ട്, സ്മോൾ സേവിങ്സ് (NSSF) എന്നിവയിൽ നിന്നും എടുത്തിട്ടുള്ള വായ്പയാണ്. |
| (സി) | സംസ്ഥാന സർക്കാരിന്റെ ഗ്യാരന്റിയിൽ കിഫ്ബി ഈ സാമ്പത്തിക വർഷം ബോണ്ടു വഴിയും മറ്റ് വിധത്തിലും എത്ര കോടി രൂപ സമാഹരിച്ചുവെന്ന് വ്യക്തമാക്കുമോ? | കിഫ്ബി ഈ സാമ്പത്തിക വർഷം (2019-20) ബോണ്ടു വഴിയും മറ്റ് വിധത്തിലും സമാഹരിച്ച തുകയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.<br><br>(തുക കോടിയിൽ)<br><br>നം \| സ്രോതസ്സ് \| സമാഹരിച്ച തുക<br>1 \| ടേം ലോണുകൾ \| 1250<br>2 \| നബാർഡ് ലോൺ \| 100 |

| | | |
|---|---|---|
| 3 | കെ.എസ്.എഫ്.ഇ (ബോണ്ടുകൾ) | 89.79 |
| 4 | നോർക്ക (ഡിവിഡന്റ് സ്കീം) | 17.93 |
| **ആകെ (30.01.2020 ലെ കണക്കുകൾ പ്രകാരം)** | | **1457.72** |

**സെക്ഷൻ ഓഫീസർ**